## പാഠാസൂത്രണം

അധ്യാപികയുടെ പേര് : റിൽസ.സി.രാജൻ
വിദ്യാലയത്തിന് പേര് :സെന്റ് ജോസഫ് പാവറട്ടി
വിഷയം : മലയാളം
യൂണിറ്റ് : ഇനി ഞാനുണർന്നിരിക്കാം
പാഠഭാഗം : അമ്മമ്മ

## ആശയങ്ങൾ/ ധാരണകൾ

- മലയാളത്തിലെ ഉത്തരാധുനിക ചെറുകഥാകൃത്തുക്കളിൽ ഒരാളാണ് പി.സുരേന്ദ്രൻ.
- കഥകൾ പോലെ തന്നെ മനോഹരവും ഊഷ്മളവും ആണ് അനുഭവക്കുറിപ്പുകൾ.
- പി.സുരേന്ദ്രൻ അനുഭവ കുറിപ്പാണ് അമ്മമ്മ എന്ന പാഠഭാഗം.

## ഭാഷാ വസ്തുതകൾ

- ലളിതമായ ഭാഷ

## മുന്നറിവ്

- വാർദ്ധക്യമെന്തെന്നുള്ള ധാരണ കുട്ടികൾക്കുണ്ട്.
- വൃദ്ധജനങ്ങളെ കുറിച്ച് കുട്ടികൾക്ക് അറിയാം.

## ശേഷികൾ /നൈപുണികൾ

- ആശയ പ്രകടനശേഷി
- ചിന്താശേഷി

## മൂല്യങ്ങൾ/ മനോഭാവങ്ങൾ

- സഹായമനസ്കത
- പരസ്പര സ്നേഹം

## ബോധനോദ്ദേശ്യങ്ങൾ

- പി. സുരേന്ദ്രനെ കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന്.
- സ്നേഹത്തെക്കുറിച്ച് കൂടുതൽ തിരിച്ചറിവ് ഉണ്ടാകുന്നതിന്.

## പഠനനേട്ടങ്ങൾ

- ചർച്ചയിൽ പങ്കെടുത്ത് വിവിധ ആശയ മേഖലകളുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകൾ യുക്തിയോടെ അവതരിപ്പിക്കുന്നു.

## വ്യവഹാര രൂപങ്ങൾ

- അനുഭവക്കുറിപ്പ്
- ജീവചരിത്രക്കുറിപ്പ്
- ചർച്ച
- മൗനവായന

## പഠനസാമഗ്രികൾ

- വീഡിയോ (സ്നേഹം )
- സ്ലൈഡ് (പി.സുരേന്ദ്രൻ )

## പ്രതീക്ഷിത ഉൽപ്പന്നം

- അനുഭവക്കുറിപ്പ്
- ജീവചരിത്രക്കുറിപ്പ്
- ചർച്ചയിൽ നിന്ന് ലഭിച്ച ആശയങ്ങൾ

| പ്രക്രിയ | വിലയിരുത്തൽ /പ്രതികരണം |
|---|---|
| **ആമുഖ പ്രവർത്തനം**<br><br>ആമുഖ പ്രവർത്തനമായി മുത്തശ്ശിയുടെ സ്നേഹത്തെ സംബന്ധിക്കുന്ന വീഡിയോ അധ്യാപിക സ്ക്രീനിൽ പ്രദർശിപ്പിക്കുന്നു. https://youtube.com/shorts/gf30fmuM-DQ?feature=share,https://youtu.be/doGkBWPs5DYതുടർന്ന് അതിലെ ആശയങ്ങൾ അധ്യാപിക ക്ലാസിൽ ചർച്ച ചെയ്യുകയും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് പരിചയമുള്ള ഒരു അമ്മമ്മയുമായുള്ള ഓർമ്മകൾ പങ്കുവച്ചുകൊണ്ടുള്ള അനുഭവക്കുറിപ്പ് തയ്യാറാക്കുവാനായി അധ്യാപിക ആവശ്യപ്പെടുന്നു.<br><br>**ക്രോഡീകരണം**<br><br>വാർദ്ധക്യം മനോഹരമാണ്. വാർധക്യത്തിൽ സ്നേഹിക്കാനുള്ള നല്ല മനസ്സിനുടമകളാണ് അമ്മമ്മമാർ.മക്കളെയും പേരകുട്ടികളെയും ഒരുപോലെ,സ്വന്തമായി സ്നേഹിക്കാനും ശാസിക്കാനും സാധിക്കുന്ന പ്രിയമേറിയവരാണ് അമ്മമാർ. ജീവിതത്തിന്റെ അവസാന ഘട്ടത്തിൽപോലും എല്ലാത്തരം പ്രവൃത്തികളെയും പ്രശ്നങ്ങളെയും സമചിത്തതയോടു കൂടി ഏറ്റെടുത്തവരാണ് എന്ന ആശയം കൂടി അധ്യാപിക കൂട്ടിച്ചേർക്കുന്നു.<br><br>**പ്രവർത്തനം: 1**<br><br>പ്രശസ്ത കവി പി.സുരേന്ദ്രനെ കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ സ്ലൈഡ് അധ്യാപിക ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | |

## പി സുരേന്ദ്രൻ



### ജീവിതരേഖ

1961 നവംബർ 4ആം തീയതി മലപ്പുറം ജില്ലയിലെ പാപ്പിനിപ്പാറ എന്ന സ്ഥലത്ത് കുമാരൻ നായരുടേയും, സരോജിനി അമ്മയുടേയും മകനായാണ് അദ്ദേഹം ജനിച്ചത് .[2] 1988ൽ കേരള സാഹിത്യ അക്കാഡമിയുടെ സഹായത്തോടുകൂടി കർണ്ണാടകത്തിലെ ദേവദാസി സമ്പ്രദായത്തെപ്പറ്റി വിശദമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഭാരതത്തിന്റെവിവിധപ്രദേശങ്ങളിലും, നേപ്പാളിലുംനടത്തിയ യാത്രകളുടെ അനുഭവങ്ങൾ ലേഖനരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1983ൽ ടി.ടി.സി പൂർത്തിയാക്കിയ അദ്ദേഹം ഇപ്പോൾ പാലക്കാട് ജില്ലയിലെ കുമരനല്ലൂർ ഹയർ സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുന്നു.

**ചെറുകഥാസമാഹാരങ്ങൾ**

- പിരിയൻ ഗോവണി
- ഭൂമിയുടെ നിലവിളി
- ഹരിത വിദ്യാലയം
- കറുത്ത പ്രാർത്ഥനകൾ
- അഭയാർത്ഥികളുടെ പൂന്തോട്ടം
- [[ജലസന്ധി (ചെറുകഥ)|ജലസന്ധി]

**നോവലുകൾ**

- മഹായാനം
- സാമൂഹ്യപാഠം
- മായാപുരാണം
- കാവേരിയുടെ പുരുഷൻ

തുടർന്ന് പി.സുരേന്ദ്രനെ കുറിച്ചുള്ള ആശയങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്യുകയും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പി.സുരേന്ദ്രനെ കുറിച്ച് ജീവചരിത്രക്കുറിപ്പ് എഴുതാനായി അധ്യാപിക ആവശ്യപ്പെടുന്നു.

<u>ക്രോഡീകരണം</u>

മലയാളത്തിലെ ഉത്തരാധുനിക ചെറുകഥാകൃത്തുക്കളിൽ ഒരാളാണ് പി.സുരേന്ദ്രൻ.33-മത് ഓടക്കുഴൽ പുരസ്കാരം ലഭിച്ച മലയാളം എഴുത്തുകാരനാണദ്ദേഹം.ചൈനീസ് മാർക്കറ്റ് എന്ന ചെറുകഥാ സമാഹാരത്തിനാണ് അദ്ദേഹത്തിന് അവാർഡ് ലഭിച്ചത്. ഇത്തരത്തിലുള്ള ആശയങ്ങൾ കൂടി അധ്യാപിക കൂട്ടിച്ചേർക്കുന്നു.

<u>പ്രവർത്തനം:2</u>

പി.സുരേന്ദ്രന്റെ അനുഭവകുറിപ്പ് ആയ 'അമ്മമ്മ' എന്ന പാഠഭാഗം വിദ്യാർത്ഥികളോട് മൗനമായി വായിക്കാനായി അധ്യാപിക അവസരം നൽകുന്നു.തുടർന്ന് പാഠഭാഗത്തു നിന്നും നൂതന പദങ്ങൾ കണ്ടെത്തി അടയാളപ്പെടുത്തുന്നതായി അധ്യാപിക ആവശ്യപ്പെടുന്നു.

<u>ക്രോഡീകരണം</u>

കഥകൾ പോലെ തന്നെ മനോഹരവും ഊഷ്മളവും ആണ് ചില അനുഭവക്കുറിപ്പുകൾ. തന്റെ ജീവന്റെ വിളക്ക് കെട്ടുപോകുന്നതിനു മുൻപേ പേരക്കുട്ടികളുടെ ജീവിതം തിരിനീട്ടി പ്രകാശിപ്പിക്കുന്ന സാധുവായ ഒരു വൃദ്ധയുടെ സഹനത്തിന്റെ നേർക്കാഴ്ചയാണ് പി. സുരേന്ദ്രന് 'അമ്മമ്മ' എന്ന പാഠഭാഗം കാട്ടിത്തരുന്നത് എന്ന ആശയം കൂടി

| | |
|---|---|
| അധ്യാപിക കൂട്ടിച്ചേർക്കുന്നു. | |

<u>തുടർപ്രവർത്തനം</u>

- മാതൃസ്നേഹം പ്രമേയമാക്കിയുള്ള രചനകൾ കണ്ടെത്തിയെഴുതുക.